## കരാർ തൊഴിലാളികൾക്ക് കരാറുകാരൻ വേതനം നല്കാതിരുന്നാൽ ബാധ്യത പ്രധാന തൊഴിലുടമയ്ക്ക്

### കൽക്കട്ട ഹൈക്കോടതി

W.P. No. 20855/2019 Dt. 25.11.2019

നാഷണലിസ്റ്റ് തിക വർക്കേഴ്സ് കോൺഗ്രസ്
x
യൂണിയൻ ഓഫ് ഇന്ത്യ

പ്രധാന തൊഴിലുടമയുടെ സ്ഥാപനത്തിലെ പ്രവൃത്തികൾ പലതും കരാറുകാരാണ് ചെയ്തു കൊടുക്കുന്നത്. ഇപ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ ചെയ്യുന്നതിന് കരാറുകാർ സ്വന്തം തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. കരാർ തൊഴിൽ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്തവരാണ് കരാറുകാർ. 2018 അവസാനം വരെ കരാറുകാർ തങ്ങളുടെ തൊഴിലാളികൾക്ക് കൃത്യമായി വേതനം വിതരണം ചെയ്തെങ്കിലും പിന്നീട് അവർ വീഴ്ച വരുത്തി. മാസങ്ങളോളം കാത്തിരുന്നിട്ടും വേതനം ലഭിക്കാതായപ്പോൾ ഇക്കാര്യം പ്രധാന തൊഴിലുടമയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തൊഴിലാളികൾക്ക് വേതനം ലഭിച്ചില്ല. കരാറുകാരനും പ്രധാന തൊഴിലുടമയും ഒഴിഞ്ഞുമാറിയപ്പോൾ തൊഴിലാളികൾ വേതനം ലഭിക്കാതെ ബുദ്ധിമുട്ടിലായി. തുടർന്ന് കരാർ തൊഴിലാളികളുടെ യൂണിയൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. കരാറുകാരൻ തൊഴിലാളികൾക്ക് വേതനം നല്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ വേതനം നല്കാൻ പ്രധാന തൊഴിലുടമയോട് നിർദ്ദേശിക്കണമെന്നാണ് യൂണിയൻ ആവശ്യപ്പെട്ടത്. പ്രധാന തൊഴിലുടമയെ സമ്മർദ്ദത്തിലാക്കി ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി കരാറുകാർ തൊഴിലാളികളെ കരുവാക്കുകയാണെന്നും വേതനം നല്കാനുള്ള ബാധ്യതയിൽ നിന്ന് കരാറുകാർ കൗശലപൂർവ്വം ഒഴിഞ്ഞുമാറുകയാണെന്നും പ്രധാന തൊഴിലുടമ ചൂണ്ടിക്കാട്ടി. സ്വന്തം തൊഴിലാളികൾക്ക് വേതനം നല്കാനുള്ള ബാധ്യത കരാറുകാരനാണെന്നും കരാറുകാരൻ തൊഴിലാളികൾക്ക് വേതനം നല്കിയില്ലെന്നതിന് തെളിവില്ലെന്നും പ്രധാന തൊഴിലുടമ വാദിച്ചു. കരാറുകാരൻ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുമ്പോൾ പ്രധാന തൊഴിലുടമയുടെ പ്രതിനിധി സന്നിഹിതനായിരിക്കണമെന്നും അത് ഉറപ്പുവരുത്താൻ കരാറുകാരനും പ്രധാന തൊഴിലുടമയ്ക്കും ബാധ്യതയുള്ളതിനാൽ കരാറുകാരന്റെ തൊഴിലാളികൾക്ക് വേതനം ലഭിച്ചില്ലെന്നതിന് തെളിവില്ലെന്ന വാദം ഉന്നയിക്കാൻ പ്രധാന തൊഴിലുടമയ്ക്ക് അവകാശമില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. കരാറുകാരൻ കൃത്യസമയത്ത് വേതനം നല്കാതിരിക്കുകയോ മുഴുവൻ വേതനവും നല്കാതിരിക്കുകയോ ചെയ്താൽ തൊഴിലാളികൾക്ക് പൂർണ്ണ വേതനം നല്കുവാൻ പ്രധാന തൊഴിലുടമയ്ക്കാണ് ബാധ്യതയെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. പ്രധാന തൊഴിലുടമയ്ക്ക് ഈ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി അഞ്ച് ആഴ്ചക്കുള്ളിൽ കരാർ തൊഴിലാളികൾക്ക് പ്രധാന തൊഴിലുടമ വേതനം വിതരണം ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവിടുകയും നല്കിയ വേതനം കരാറുകാരനിൽ നിന്ന് തിരിച്ചുപിടിക്കാൻ പ്രധാന തൊഴിലുടമയ്ക്ക് സ്വാതന്ത്ര്യവും അവകാശവുമുണ്ടായിരിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തു.